# WOMEN IN “THE BIBLE”
# WIDOW AT ZAREPHATH

## (സാരെഫാത്തിലെ വിധവ)



സത്യാരാധനയിൽ ഉറച്ചു നിന്ന് ശക്തിയോടെ നിത്യനായ ദൈവത്തെ ഉയർത്തേണ്ട ആഹാബ് ഭോഷ്ക്കിന്റെ ഉറവിടമായ ഈസേബെലിനോടു ചേർന്ന് ദുർഭരണം നടത്തി ഭോഷത്വം പ്രവർത്തിച്ചു. തെറ്റിലേക്ക് വീഴുന്ന ജനത്തെ രക്ഷിപ്പാൻ ദൈവീക നിർദ്ദേശം അനുസരിച്ച് പ്രഖ്യാപനം (1രാജ : 17:1,2) നടത്തിയ ഏലിയാവ് രാജ്ഞി യായ പിശാചിനെ ഭയപ്പെട്ട് കെരീത്ത് തോട്ടിൽ കാക്ക നൽകിയ ഭക്ഷണം കഴിച്ച് സന്തോഷമായി വസിച്ചു. പക്ഷെ ദൈവത്തിന്റെ അടുത്ത പ്രവർത്തിയ്ക്ക് ഏലിയാ വിനെ അയയ്ക്കേണമെങ്കിൽ കെരീത്തിൽ തുറന്ന ഉറവ അടയ്ക്കണം. അത് അടച്ചി ല്ലെങ്കിൽ അവൻ യഹോവയുടെ ശബ്ദം കേൾക്കുകയില്ല.

പ്രീയമുള്ളവരേ ! നമ്മുടെ ജീവിതത്തിലെ കഷ്ടങ്ങൾ ചിലപ്പോൾ ഉണ്ടാകുന്ന രോഗ ങ്ങൾ, സാമ്പത്തീക നഷ്ടങ്ങൾ ഇവയെല്ലാം നമ്മുടെ സ്ഥിതിയ്ക്ക് ഭേദം വരുത്തു വാനും, അങ്ങനെ നാം അവന്റെ ശബ്ദം കേൾക്കുവാനും വേണ്ടിയാണ്. ഒരു ഉറവ അടച്ചാൽ രണ്ട് ഉറവ തുറക്കുന്നവനാണ് നമ്മുടെ ദൈവം. ദൈവീക ശബ്ദം നാം കേൾക്കുവാനായി നമ്മുടെ ജീവിതത്തിൽ തന്ന പ്രതികൂലങ്ങൾക്കായി നമുക്ക് സ്തോത്രം ചെയ്യാം. മരണത്തെ ഭയക്കുന്നവനെ യഹോവ അയച്ചത് മരണത്തെ സ്വീകരിപ്പാൻ ഒരുങ്ങിയിരിക്കുന്ന വിധവയുടെ അടുക്കലേക്ക് അത്രെ, എത്ര അത്ഭുത മാണ് ദൈവത്തിന്റെ പ്രവർത്തികൾ ! ഈ സ്ത്രീയെക്കുറിച്ച് പഠിച്ചാൽ നിരാശയെ

അതിജീവിപ്പാനുള്ള ധൈര്യവും, ക്ഷാമകാലത്തെ നോക്കിഭാരപ്പെടാതെ ക്ഷേമമായി പോറ്റുന്ന ദൈവത്തെ നോക്കി മഹത്വം കരേറ്റുവാനും സഹായിക്കുന്നു.

(1). ദൈവം വിലമതിച്ച വിധവ

ദൈവം ഒരു ദൗത്യം ഏല്പിക്കുവാൻ തെരഞ്ഞെടുത്ത വിധവ ആയിട്ടും എന്തു കൊണ്ട് അവളുടെ പേർ ദൈവവചനത്തിൽ കാണുന്നില്ല. സാരെഫാത്ത് എന്ന വാക്കിന് തീക്കുണ്ഡം എന്നാണ് അർത്ഥം. ജീവിതമാകുന്ന നെരിപ്പോടിൽ തന്റെ ജീവിതം അവസാനിപ്പിക്കുവാൻ ആഗ്രഹിച്ചത് കഷ്ടതയുടെ കഠിനത മൂലമാണ്. എന്നിട്ടും അവളുടെ പേർ ആർക്കും അറിയുകയില്ല. എന്നാൽ സ്വർഗ്ഗം മറക്കാതെ അവളുടെ പേർ തങ്കലിപിയിൽ എഴുതും കാരണം പ്രവാചകനെ സംരക്ഷിപ്പാൻ അവൾക്കാണ് തെരഞ്ഞെടുപ്പ് ലഭിച്ചത്. അനേക സ്ത്രീകൾ ആ ദേശത്തുണ്ട്, എന്നാൽ ഈ വിധവയോടാണ് ദൈവം സംസാരിച്ചത്. ഏലിയാവിന്റെ ശുശ്രൂഷ തീർന്നു കാണുവാൻ ആഗ്രഹിച്ചവരും പിശാചും സന്തോഷിച്ചു. എന്നാൽ ദൈവം തന്റെ ദാസനെ മനുഷ്യദൃഷ്ടിയിൽ നിസ്സാരമെന്ന് കരുതുന്ന കാക്കയാലും, മരിക്കു വാൻ ആഗ്രഹിച്ച വിധവയുടെ ഉള്ളിൽ ഏലിയാവിനെ അനുസരിക്കുവാനുള്ള പ്രേരണ നൽകിയും സംരക്ഷിച്ചു. ഈ നല്ല പ്രവർത്തി ചെയ്യുവാൻ അവളെ ഒരുക്കു വാനാണ്, ദൈവത്തിനല്ലാതെ ആർക്കും സഹായിപ്പാൻ കഴിയാത്ത വിധം അവളുടെ ജീവിതത്തെ ദൈവം ഇപ്രകാരം അടച്ചത്. പ്രീയരെ! എല്ലാ വഴികളും അടയുമ്പോൾ നിരാശപുണ്ട് മരണത്തെയല്ല, പ്രത്യാശയോടെ ഉയരത്തിലേക്ക് നോക്കുക.

(2). **എരിഞ്ഞടങ്ങേണ്ട ജീവിതം കണ്ട ദൈവം**

യിസ്രായേൽ ജനവുമായി ബന്ധമില്ലാതെ ജീവിച്ച സ്ത്രീയോട് ദൈവം ഇടപെട്ടവിധം ശ്രദ്ധിക്കുക. വിധവ എന്ന് പറഞ്ഞിരിക്കുന്നതിനാൽ ഭർത്താവ് മുൻപേ നഷ്ടമായി എന്ന് മനസ്സിലാക്കാം. ദേശത്ത് വരൾച്ച മൂലം പട്ടിണി ആരംഭിച്ചു, തന്റെ മകനെ വളർത്തുവാൻ വഴി ഇല്ലാതായിരിക്കുന്നു. ഈ സമയത്ത് ഏകദേശം രണ്ടുവർഷ ത്തോളം ദൈവദാസനെ സംരക്ഷിപ്പാൻ വിധവയുടെ ഭവനം ഒരുക്കിയ ദൈവം എത്ര ശക്തൻ. ഏബ്രായരുടെ ദൈവത്തെക്കുറിച്ച് കേട്ടുകേൾവി മാത്രമേ അവൾക്കുണ്ടാകു വാൻ വഴിയുള്ളു. എന്നാൽ മരണത്തിൽ നിന്ന് തന്നെ രക്ഷിപ്പാൻ തന്റെ ദാസനെ അയച്ച സ്നേഹം ഇപ്പോൾ അവൾ അറിഞ്ഞു. അതിനാൽ ദൈവത്തേയും ദൈവദാ സനേയും അവൾ സ്നേഹിക്കുകയും ബഹുമാനിക്കുകയുംചെയ്തു.

(3). സമൃദ്ധി നൽകിയ അത്യുന്നതൻ

“ യഹോവ നമ്മെ ഓർത്തിരിക്കുന്നു, അവൻ നമ്മെ അനുഗ്രഹിക്കും”. (സങ്കീ 115:12)

പ്രവാചകൻ പറഞ്ഞതു പോലെ വെള്ളത്തോടൊപ്പം ഒരു കഷണം അപ്പവും കൂടെ അവൾ കരുതിയത് അദ്ദേഹ ത്തിന് നൽകി. ഒരു പിടിമാവും അല്പം എണ്ണയും മാത്രമേ ഉള്ളു എങ്കിലും, “ ഭയപ്പെടേണ്ട” ‘ അനുസരിക്ക’ എന്ന രണ്ടു വാ ക്കുകൾ അവൾ ഏറ്റെടുത്തു. ആ അനുസരണമായിരുന്നു സമൃദ്ധി യുടെ ആദ്യപടി രണ്ട് അത്ഭുത ഉറവകൾ കർത്താവ് തുറന്നു. കലത്തിലെ മാവോ, ഭരണിയിലെ എണ്ണയോ ക്ഷാമ കാലം തീരും വരെ തീർന്ന് പോയില്ല.



പ്രീയമുള്ള സഹോദര ങ്ങളെ പ്രതികൂലക്കാറ്റ് വീശാൻ ആരംഭിക്കുമ്പോൾ സകലവും തീർന്ന് എന്ന് കരുതുന്നവ രാണോ നിങ്ങൾ? അനുസരണമുള്ളവരായി ജീവിച്ചാൽ ദൈവം നമ്മെയും ഉയർത്തും, സംശയമില്ല. നിങ്ങളുടെ ആരോഗ്യം, ബുദ്ധി, ധനം, ബിസ്സിനസ് എല്ലാം തീർന്നു എന്ന് കരുതേണ്ട. തീർന്നു എന്ന് കരുതുന്നിടത്തു നിന്നും വർദ്ധനവ് തരു ന്നവനാണ് നമ്മുടെ ദൈവം.

(4). പാപബോധം ആത്മവളർച്ചയിൽ എത്തിച്ചു.

“നീ പറയുന്നതു തന്നേ നിനക്കു സംഭവിക്കും” എന്നതിന് ഉദാഹരണമാണ് ഈ വിധ വയായ സ്ത്രീ.താൻ മരണകാരണം പ്രഖ്യാപിച്ചത് തന്റെ ജീവിതത്തെ വേട്ടയാടു മെന്ന് അവൾ അറിഞ്ഞിരുന്നില്ല. മറഞ്ഞിരിക്കുന്ന പാപങ്ങൾ പുറത്തെടുത്ത് വേരോടെ പിഴുതെറിയാതെ ആർക്കും രക്ഷപെടുവാൻ കഴിയുകയില്ല. മറഞ്ഞിരി ക്കുന്ന അവളുടെ പാപത്തെപ്പറ്റി ഓർമ്മിപ്പിക്കുവാനോ എന്ന ചോദ്യം ശ്രദ്ധിക്കുക, (1രാജ: 17:18). അവളുടെ ജീവിതത്തെ അവൾ ഏറ്റുപറഞ്ഞിട്ട് യഥാസ്ഥാനപ്പെട്ടവ ളായി അവളെ കാണുവാൻ സ്വർഗ്ഗം ആഗ്രഹിച്ചു. അവളുടെ പാപം എന്തെന്ന് വചന

ത്തിൽ വ്യക്തമല്ല. പ്രവാചകന്റെ അവിടുത്തെ താമസം ദൈവസാന്നിദ്ധ്യബോധം അവളിലുണ്ടാക്കി, "പാപത്തിന്റെ ശമ്പളം മരണമത്രേ" എന്നും അവൾ അറിഞ്ഞു. പക്ഷെ ഇവിടെ മരണം സംഭവിച്ചത് നിരപരാധിയായ അവരുടെ മകനാണ്, 'ഞാനും എന്റെ മകനും മരിക്കുവാൻ ഒരുങ്ങുന്നു എന്ന വാക്കിന്റെ ഭയങ്കരത ഇപ്പോൾ അവൾ മനസ്സിലാക്കി. എന്നാൽ തന്റെ ദാസനെ സംരക്ഷിച്ച വിധവയുടെ മകന്റെ ജീവൻ ഏലിയാവിൽകൂടെ ദൈവം മടക്കി നൽകി. ഇതിൽ നിന്നും തന്റെ ഭവനത്തിൽ പാർത്ത ആൾ ദൈവപുരുഷനെന്നും അദ്ദേഹത്തിന്റെ നാവിന്മേലുള്ള വചനം യഹോവയുടേതെന്നും മനസ്സിലാക്കി. വിലാപത്തെ നൃത്തമാക്കുന്നവൻ എത്ര നല്ലവൻ.

സാരെഫാത്തിലെ വിധവ പ്രശ്നങ്ങളിൽ നിന്ന് വിടുതൽ പ്രാപിച്ച് ആത്മീയ പുരോഗതി പ്രാപിക്കുകയും ദൈവവചനത്തെ ഏറ്റെടുക്കുകയും ചെയ്തു. തിരുവചനത്തിന് കൊടുക്കേണ്ട സ്ഥാനം കൊടുത്ത ഈ സഹോദരി ഇന്നും സാക്ഷികളുടെ സമൂഹത്തിൽ നമുക്കൊരു പ്രോത്സാഹനമായി നിലകൊള്ളുന്നു. കർത്താവ് ഇവളെക്കുറിച്ച് പരാമർശിക്കുന്നത് ഇവളും സാക്ഷികളുടെ സമൂഹത്തിൽ ഉണ്ടെന്നുള്ളതിന് തെളിവാണ്, (ലൂക്കോ: 4:26).

കർത്താവിൽ പ്രീയരെ! യഹോവയെ സ്നേഹിച്ച് ദൈവവചനത്തിന് തക്ക മഹത്വം നൽകിയാൽ നാമും അനുഗ്രഹിക്കപ്പെട്ടവരാകും, കൂടതെ സാക്ഷികളുടെ ആ വലിയ സമൂഹത്തിൽ വിശുദ്ധന്മാരോടൊപ്പം നാമും കാണും. അതിനായി ഒരുങ്ങുവാൻ ദൈവ കൃപ നമ്മെ സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind